71 (3244) കണ്ണൂർ ജില്ലയിലെ എരുവേങ്ങി പാലത്തിലെ ടോൾ പിരിവ്

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എരുവേങ്ങി പാലത്തിന് എന്നാണ് ടോൾ പിരിവ് ഏർപ്പെടുത്തിയത്;

(ബി) ടോൾ പിരിവിലൂടെ എത്ര രൂപ ഗവൺമെന്റിന് ലഭിച്ചു;

(സി) ടോൾ പിരിക്കുന്ന ജോലിക്കാരുടെ ശമ്പളം ഉൾപ്പെടെ ടോൾ പിരിവിന് എത്ര രൂപ ചെലവായി;

(ഡി) ഈ പാലത്തിന് ഇപ്പോഴും ടോൾ പിരിക്കുന്നുണ്ടോ?

ഉത്തരം

(എ) 12.8.1992 മുതൽ ടോൾ പിരിവ് ഏർപ്പെടുത്തി.

(ബി) 2,19,484/- രൂപ ലഭിച്ചു.

(സി) 1,18,094 രൂപ ടോൾ പിരിവിന് ചെലവായി

(ഡി) ഈ പാലത്തിന് ഡിപ്പാർട്ടുമെന്റലായി ഇപ്പോഴും ടോൾ പിരിക്കുന്നുണ്ട്.

72 (3245) സഞ്ചാരയോഗ്യമല്ലാത്ത റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഞ്ചാരയോഗ്യമല്ലാത്ത റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നബാർഡിന്റെ സഹായത്തോടുകൂടി തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം റോഡുകളും പാലങ്ങളും ഏറ്റെടുത്ത് നന്നാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയപാതയിൽ ചാലക്കുടി പാലത്തിന്റെ കേടുപാടുകൾ തീർക്കുന്നതിനായി ബോംബെയിലെ പ്രെസ്റ്റിനെറ്റ്, പ്രീട്രസ്റ്റ് കോൺക്രീറ്റ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, ഹഡ്കോ, നബാർഡ് മുതലായ ഏജൻസികൾ മുഖേന പ്രധാനപ്പെട്ട റോഡുകളുടെയും പാലങ്ങളുടെയും പണികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിനകം 24 പാലങ്ങളുടെ പണി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പൂർത്തിയാക്കുകയും 73 പാലങ്ങളുടെ പണികൾ പുരോഗമിച്ചു വരികയുമാണ്. ഏതാനും റോഡ് പണികൾക്കും നബാർഡ് സഹായം പ്രതീക്ഷിക്കുന്നു. ലോകബാങ്കിന്റെ സഹായത്തോടെ 1800 കിലോമീറ്റർ റോഡുകൾ ശാസ്ത്രീയമായി നവീകരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly